JDME(M)
23/2/18

കേരള സർക്കാർ

സംഗ്രഹം

ആ.കു.വ – മെ.വി.വ – മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അധ്യാപകരുടെ പെൻഷൻ പ്രായം 62 ആക്കി ഉയർത്തിയതിനെതിരെയുള്ള വിദ്യാർത്ഥികളുടെ പണിമുടക്ക് - വിദ്യാർത്ഥി പ്രതിനിധികളുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആരോഗ്യകുടുംബക്ഷേമ(എസ്) വകുപ്പ്

സ.ഉ(എം.എസ്) നം.30/2018/ആ.കു.വ തിരുവനന്തപുരം,തിയതി, 20.02.2018

പരാമർശം : 28.11.2017 – ലെ സ.ഉ(കൈ) 169/2017/ആ.കു.വ നമ്പർ ഉത്തരവ്

ഉത്തരവ്

സംസ്ഥാന ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 56 -ൽ നിന്നും 60 വയസാക്കിയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 – ൽ നിന്നും 62 വയസാക്കിയും വർദ്ധിപ്പിച്ച് പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പെൻഷൻ പ്രായം വർദ്ധിപ്പിച്ചതിൽ യുവ മെഡിക്കൽ സമൂഹത്തിന് ആശങ്കയുള്ളതിനാൽ പ്രസ്തുത തീരുമാനം പിൻവലിക്കണമെന്നാവശ്യപ്പെട്ടിരുന്നുവെന്നും എന്നാൽ അത് നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ച് 19.12.2017 തിയതി കേരളത്തിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലെയും പി.ജി റസിഡന്റ് ഡോക്ടർമാർ, ഹൗസ് സർജൻമാർ, എം.ബി.ബി.എസ് വിദ്യാർത്ഥികൾ എന്നിവർ സൂചനാ പണിമുടക്ക് നടത്തുകയും തുടർന്ന് 29.12.2017 വെള്ളിയാഴ്ച മുതൽ അനിശ്ചിതകാല പണിമുടക്ക് ആരംഭിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ 22/12/2017, 31/12/2017, 01/01/2018 തിയതികളിലായി വിദ്യാർത്ഥി പ്രതിനിധികളുമായി സർക്കാർ നടത്തിയ ചർച്ചയിൽ കൈകൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) സൂപ്പർ സ്പെഷ്യാലിറ്റി ബോണ്ടഡ് സർവീസ് 3 (മൂന്ന്) വർഷം എന്നതിൽ നിന്നും ഒരു വർഷമായി കുറയ്ക്കുന്നു.

ബി) പോസ്റ്റ് ഗ്രാജുവേഷൻ ബോണ്ടഡ് സർവീസ് 1 (ഒന്ന്) വർഷം എന്നതിൽ നിന്നും ആറു (6) മാസമായി കുറയ്ക്കുന്നു.

സി) സൂപ്പർ സ്പെഷ്യാലിറ്റി കഴിഞ്ഞ് കരാർ സേവനം നടത്തുന്നവരുടെ സീനിയർ റസിഡന്റ് എന്ന ഡെസിഗ്നേഷൻ മാറ്റി അസിസ്റ്റന്റ് പ്രൊഫസർ(പ്രൊവിഷണൽ) എന്നാക്കുന്നു.

ഡി) സർക്കാർ മെഡിക്കൽ കോളേജുകളുടെ അംഗീകാരം നിലനിർത്തുന്നതിന് സീനിയർ റസിഡന്റുമാരുടെ സേവനം അനിവാര്യമാണ്. സർക്കാരിതര മേഖലകളിൽ നിന്നും സീനിയർ റസിഡന്റുമാരുടെ സേവനം സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കാവുന്നതാണ്. സർക്കാരിതര മേഖലകളിൽ നിന്നും ആവശ്യമായ സീനിയർ

........2

Scanned by CamScanner

റസിഡന്റുമാരുടെ സേവനം സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമാകുന്ന പക്ഷം നിർബന്ധിത ബോണ്ടഡ് സർവീസ് ഒഴിവാക്കാനാകുന്നതാണ്. ഈ സാഹചര്യത്തിൽ സർക്കാരിതര മേഖലകളിൽ നിന്നും സീനിയർ റസിഡന്റുമാരുടെ സേവനം സർക്കാർ മെഡിക്കൽ കോളേജുകളിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. സർക്കാർ മെഡിക്കൽ കോളേജുകളുടെ അംഗീകാരം നിലനിർത്തുന്നതിന് ആവശ്യമായ എണ്ണം സീനിയർ റസിഡന്റുമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യത്തിൽ പോസ്റ്റ് ഗ്രാജുവേഷൻ കാലം(ഡിപ്ലോമ/ഡിഗ്രി) കഴിഞ്ഞുള്ള നിർബന്ധിത ബോണ്ടഡ് സർവീസ് നിലനിർത്തുന്നതാണ്.

ഇ) സൂപ്പർ സ്പെഷ്യാലിറ്റിയിലേക്ക് നേരിട്ട് അഡ്മിഷൻ ലഭിക്കുന്നവർക്ക് നിർബന്ധിത ബോണ്ടഡ് സേവനം ഒരു വർഷവും പോസ്റ്റ് ഗ്രാജുവേഷൻ കഴിഞ്ഞയുടൻ തന്നെ സൂപ്പർ സ്പെഷ്യാലിറ്റിയിലേക്ക് നേരിട്ട് അഡ്മിഷൻ ലഭിക്കുന്നവർക്ക് നിർബന്ധിത ബോണ്ടഡ് സേവനം ഒന്നര വർഷവും ആയിരിക്കുന്നതാണ്.

എഫ്) സമരം ചെയ്ത ദിവസങ്ങൾ അർഹതപ്പെട്ട അവധിയായി കണക്കാക്കുന്നതിനായി, ആവശ്യമെങ്കിൽ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
രാജീവ് സദാനന്ദൻ
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും
ബന്ധപ്പെട്ട വിദ്യാർത്ഥി പ്രതിനിധികൾക്ക് (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം
വെബ് &ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
പകർപ്പ് : ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner